for web

**കേരള സർക്കാർ**

സംഗ്രഹം

കേരളത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി (കെസ്റു-99) സബ്സിഡി വിതരണത്തിനാവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ (ആർറ്റി) 1471/2009/തൊഴിൽ. തീയതി, തിരുവനന്തപുരം, 22/09/2009

==================================================================

പരാമർശം:- 1. 25/06/2009 തീയതിയിലെ ജിഒ (ആർറ്റി) 894/09/തൊഴിൽ.
2. 04/08/2009 ലെ എംപ്ലോയ്മെൻറ് ഡയറക്ടറുടെ യു1/13900/09/ഡി.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതിയായ 'കെസ്റു-99' പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണത്തിനായി 2009-'10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരുകോടി പത്തുലക്ഷം രൂപ വകയിരുത്തുകയും, വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ ലഭിച്ച 160 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണത്തിനായി 22,36,416/- (ഇരുപത്തിരണ്ടു ലക്ഷത്തി മുപ്പത്താറായിരത്തി നാന്നൂറ്റിപതിനാറ് രൂപ മാത്രം) അനുവദിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

2. ഇപ്പോൾ വിവിധ ധനകാര്യസ്ഥാപനങ്ങൾ വഴി വായ്പ അനുവദിച്ച 167 ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി 22,68,280/-രൂപ (ഇരുപത്തിരണ്ടു ലക്ഷത്തി അറുപത്തെണ്ണായിരത്തി ഇരുന്നൂറ്റെൺപത് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം രണ്ടിലെ കത്ത് മുഖാന്തിരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുള്ള സ്വയംതൊഴിൽ പദ്ധതി 'കെസ്റു-99' പ്രകാരം വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭിച്ച 167 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിലേക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ " 2230-02-101 - 98-34 അദർ ചാർജ്ജസ് (നോൺ-പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും 22,68,280/-രൂപ (ഇരുപത്തിരണ്ടുലക്ഷത്തി അറുപത്തെണ്ണായിരത്തി ഇരുന്നൂറ്റെൺപത് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. ടി തുക പിൻവലിക്കുന്നതിനും ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർമാർക്ക് പുനർവിതരണം ചെയ്യുന്നതിനുമായി എംപ്ലോയ്മെൻറ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. തുക വിതരണം ചെയ്താലുടൻ തന്നെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**സി.എസ്. കുമാർ**
**ജോയിൻറ് സെക്രട്ടറി**

എംപ്ലോയ്മെൻറ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. (ഇത് ധനകാര്യ വകുപ്പിൻെറ സമ്മതത്തോടെ പുറപ്പെടുവിക്കുന്നു).
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( ധനകാര്യ വകുപ്പിൻെറ 09/09/'09 ലെ 60489/H&L-A1) /09/ധന.നമ്പർ കുറിപ്പ് പ്രകാരം)
തൊഴിലും പുനരധിവാസവും (പാർല) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, ഗവ: വെബ്സൈറ്റ്, സെക്രട്ടേറിയറ്റ് അനക്സ്.
സംഭരണ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**